



**ഒരു വർഷം അമ്പതിനായിരത്തിനും**
**അറുപതിനായിരത്തിനും ഇടയിൽ സൈക്കിളുകൾ**
**മോഷണം പോകുന്ന ആംസ്റ്റർഡാം നഗരം**
**ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നടന്ന**
**വ്യവസായ വിപ്ളവത്തിന്റെ കാലഘട്ടത്തിൽ**
**ഇറങ്ങിയ ബൈസിക്കിൾ തീവ്സ് എന്ന സിനിമപോലെ**
**അനുഭവപ്പെട്ട നിമിഷങ്ങൾ പങ്കുവയ്ക്കുന്നു**
**രാജുറാഫേൽ**

# ഫെയറ്റ് കോപ്പൻ, അല്ലീൻ ടെന്റീഗ് യൂറോ !

**തണുപ്പ്** കൂടിയതോടെ സെന്ററത്തിലേക്കുള്ള എന്റെ നടപ്പിന്റെ വേഗവും കൂടി. എന്നെപ്പോലെ മറ്റു പലരും തിരക്കിട്ട് കാൽനടക്കാർക്കുള്ള പാതയിലൂടെ നടക്കുന്നുണ്ട്. അവരും എന്നെപ്പോലെ സെൻട്രൽ റെയിൽവേ സ്റ്റേഷനിലേക്കായിരിക്കും പോകുന്നത് എന്ന വിചാരത്തോടെ ഞാനും പിന്നാലെ നടന്നു. നടന്ന് എത്തിയത് ഒരു പാലത്തിന് അടിയിലേക്കാണ്. മുകളിലൂടെ കടന്ന് പോകുന്നത് റെയിൽവേ പാതയാണ്. പാലത്തിന്റെ വീതി കണ്ടിട്ട് ഒന്നിലധികം പാതകൾ ഉള്ളത് പോലെ തോന്നുന്നു. ഞാൻ ആംസ്റ്റർഡാം സെൻട്രൽ സ്റ്റേഷന് അടുത്ത് തന്നെയാണ് എന്ന് അനുമാനിക്കാം. പാലത്തിന് അടിവശത്ത് തീരെ വെളിച്ചമില്ല. ആകെ മത്ത് പിടിപ്പിക്കുന്ന ഒരു ഗന്ധവും. ചെറിയ ആൾക്കൂട്ടവും ഉണ്ട്. നിരവധി സൈക്കിളുകൾ അവിടെ കാണാനുണ്ട്. കനത്ത മഞ്ഞുവീണപ്പോൾ പാലത്തിന് അടിയിലേക്ക് കയറിനിന്ന സൈക്കിൾ യാത്രാക്കാരായിരിക്കും.

ഇരുട്ടുമൂടിയ ഒരു മൂലയിൽ നിന്ന് ഒരു താടിക്കാരൻ എന്തോ വിളിച്ചു പറയുന്നുണ്ട്. കണ്ടിട്ട് ഡെച്ചുകാരനല്ലന്ന് തോന്നുന്നു. ഞാൻ സൂക്ഷിച്ച് നോക്കിയപ്പോൾ വിളിച്ചു പറയുന്നത് എന്നോടായി. ഫെയറ്റ് കോപ്പൻ, ഫെയറ്റ് കോപ്പൻ എന്നാണ് പറയുന്നത്. സൈക്കിൾ വാങ്ങിക്കൂ എന്നാണ് അതിന്റെ അർത്ഥം. ഞാൻ അടുത്തു ചെന്നതോടെ അരികിലുള്ള സൈക്കിൾ ചൂണ്ടിക്കാട്ടിയായി ഡയലോഗ്-ഫെയറ്റ് കോപ്പൻ, അല്ലീൻ ടെന്റീഗ് യൂറോ (സൈക്കിൾ വാങ്ങിച്ചോളൂ, വെറും ഇരുപത് യൂറോ മാത്രം!). സംഭവം തരക്കേടില്ല എന്ന് എനിക്ക് തോന്നി. 20 യൂറോ എന്ന് പറഞ്ഞാൽ നാട്ടിലെ 1200 രൂപയിൽ താഴെ മാത്രം. ഞാൻ നാട്ടിലെ വിലവെച്ച് ആലോചിച്ചു നോക്കി. തൃശ്ശൂരിൽ ഒരു പുതിയ സൈക്കിളിന് എന്തായാലും മൂവായിരം രൂപയെങ്കിലും കൊടുക്കണം. ഇതാണെങ്കിൽ 1200 രൂപയിൽ താഴെ മാത്രം. പക്ഷെ സെക്കന്റ് ഹാൻഡ് ആണ്. എന്നാലും വലിയ പഴക്കം തോന്നുന്നില്ല. 54 ഇഞ്ച് വലിപ്പമുള്ള ഒരു ഫുൾ ഡെച്ച് സൈക്കിൾ. അയാളുടെ അരികിൽ മൂന്ന് ,നാല് സൈക്കിളുകൾ കൂടിയുണ്ട്. കൂടെ നാല് ചെറുപ്പക്കാരും. അവരുടെ അരികിലും ഇതുപോലെ സൈക്കിളുകൾ ഉണ്ട്.

സൈക്കിൾ വാങ്ങിക്കണോ എന്ന ശങ്കയുമായി നിൽക്കുമ്പോൾ തോളത്ത് മൃദുലമായ ഒരു കര സ്പർശം. തിരിഞ്ഞു നോക്കിയപ്പോൾ ടിനയാണ്. ജോർജ്ജിയയിൽ നിന്നുള്ള എന്റെ സഹപാഠി . എന്റെ പുറകിലായി സൈക്കിളിൽ നിന്ന് ഇറങ്ങാതെ കാലുകുത്തി നിൽക്കുകയാണ്. 'എത്ര നേരമായി നിന്നെ അന്വേഷിക്കുന്നു. പെട്ടെന്ന് സൈക്കിളിൽ കയറ്, പോകാം, ട്രെയിനിപ്പോൾ പോകും'. ഡെച്ചും ഇംഗ്ളീഷും കലർത്തി ടിന പറഞ്ഞു. പറയുന്നത് എന്നോടാണെങ്കിലും സൈക്കിൾ വിൽപ്പനക്കാർ കേൾക്കാനാണ് പറയുന്നത് എന്ന് എനിക്ക് മനസ്സിലായി. മുഖഭാവം കണ്ടിട്ട് എന്തോ പന്തികേട് ഉണ്ട്. പെട്ടെന്ന് തന്നെ അവളുടെ സൈക്കിളിന്റെ ബാക്ക് കാരിയറിൽ കയറി, മലയാളത്തിൽ തന്നെ പറഞ്ഞു. 'വിട്ടോ!' അത് മനസ്സിലായില്ലെങ്കിലും അവൾ സൈക്കിൾ ആഞ്ഞുചവുട്ടി. ഒരു പെൺകുട്ടി ചവിട്ടുന്ന സൈക്കിളിന്റെ ബാക്കിൽ ഇരിക്കുന്നതിന്റെ ജാള്യതയോടെ ഞാൻ കാരിയറിൽ മുയൽക്കുഞ്ഞിനെപ്പോലെ പതുങ്ങിയിരുന്നു.

ഹോളണ്ടിൽ എത്തിയിട്ട് നാലഞ്ചു ദിവസമേ ആയുള്ളൂ. സഹപാഠികളെയെല്ലാം ശരിക്കും പരിചയപ്പെട്ടു വരുന്നതേയുള്ളൂ. ഏഷ്യക്കാർ തന്നെയായ ഡാംബറും കിബ്രിയുമായാണ് എനിക്ക് ഏറെ അടുപ്പം. സെമിത്തേരിക്ക് മുൻപിൽ ഫുട്ബോൾ കളിക്കാൻ വന്നപ്പോൾ ഒരു പ്രാവശ്യം ടിനയുമായി സംസാരിച്ചിട്ടുണ്ട് എന്ന് മാത്രം. ബുസ്സും സ്യൂദിലെ ഗസ്റ്റ് ഹൗസിൽ നിന്ന് എല്ലാവരും 9 മണിയുടെ ബസ്സിന് ഒരുമിച്ചാണ് ഹിൽസർസമിലെ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പോകുന്നത്. പക്ഷെ ഒരിക്കലും ടിനയെ അക്കൂട്ടത്തിൽ കണ്ടിട്ടില്ല. സൈക്കിളിലാണ് മൂപ്പത്തിയുടെ വരവും പോക്കും. രാത്രി ഏറെ വൈകി സൈക്കിളിൽ ചുരുട്ടും വലിച്ച് വരുന്നത് കാണാം. മറ്റ് പെൺകുട്ടികളുമായി അടുപ്പം ഒന്നുമില്ല. സെമിത്തേരി മുറ്റത്ത് ഫുട്ബോൾ കളിക്കുന്ന മുലാത്തുവും സംഘവുമായാണ് പിന്നെയുമടുപ്പം. അങ്ങിനെയുള്ള ടിന എന്നെ പാലത്തിനടിയിൽ നിന്ന് പിടിച്ച് സൈക്കിളിൽ കയറ്റികൊണ്ട് പോകുന്നത് എന്തിനാണെന്ന് ആലോചിച്ച് ഇരിക്കുകയാണ് ഞാൻ. കുറച്ചുകൂടി സൈക്കിൾ ഫോട്ടോ എടുക്കാൻ ഞാൻ ആംസ്റ്റർഡാമിലേക്ക് പോവുകയാണ് , അവിടെ നിന്ന് നേരെ ഹോസ്റ്റലിലേക്ക് പോകും എന്ന് കോഴ്സ് കോർഡിനേറ്റർ അബിയോട് മാത്രമാണ് ഞാൻ പറഞ്ഞത്. ഇവളെങ്ങിനെയാണ് പേരറിയാത്ത ആ പാലത്തിന് അടിയിലേക്ക് വന്നതാവോ? ടിനയാണെങ്കിൽ ഒന്നും മിണ്ടുന്നുമില്ല. സൈക്കിൾ ആഞ്ഞുചവിട്ടുന്നതിൽ മാത്രമാണ് അവളുടെ ശ്രദ്ധ.

അഞ്ച് മിനിട്ടിന്റെ സൈക്കിൾ യാത്രയുടെ അവസാനം സെൻട്രൽ സ്റ്റേഷനിലെത്തി. ഒരു മലയാള സിനിമയിൽ ശ്രീനിവാസന്റെ കഥാപാത്രം ടയറിൽ പട്ടി കടിക്കാതിരിക്കാനായി വീടിനകത്തേക്ക് സൈക്കിളും കൊണ്ട് കയറുന്നതുപോലെ സൈക്കിളുമെടുത്ത് ടിന വിശാലമായ സ്റ്റേഷനകത്തേക്ക് കയറി. പുറകെ ഞാനും. നാണയം ഇട്ട് ടിക്കറ്റ് എടുക്കുന്ന മെഷീന് അരികിലെത്തി സൈക്കിൾ വെച്ച് എന്നെ തിരിഞ്ഞു നോക്കി. നിനക്കും ടിക്കറ്റ് വേണോ എന്ന അർത്ഥത്തിൽ. ബുസ്സുമിലേക്ക് തിരിച്ചുള്ള യാത്രക്ക് കൂടിയുള്ള ടിക്കറ്റാണ് ഞാൻ പോരുമ്പോൾ ഹിൽവർസം സ്റ്റേഷനിൽ നിന്ന് എടുത്തിരുന്നത്. ഞാൻ എന്റെ റിട്ടേൺ ടിക്കറ്റ് എടുത്ത് ടിനയെ കാണിച്ചു. എന്നിട്ടും കോയിനിട്ട് ടിന മെഷീനിൽ നിന്ന് രണ്ട് ടിക്കറ്റ് എടുത്തു.

'ഇത് എന്തിനാ രണ്ട് ടിക്കറ്റ്?' ആകാംക്ഷ അടക്കാനാവാതെ ഞാൻ ചോദിച്ചു. 'ഒന്ന് എനിക്കും, മറ്റേത് എന്റെ സൈക്കിളിനും'- നിഷ്കളങ്കമായി ചിരിച്ചുകൊണ്ട് ടിന പറഞ്ഞു. 'ആംഫുർട്ട് വഴി യുട്രെകിലേക്ക് പോകുന്ന എക്സ്പ്രസ് ടെയിനിൽ ബുസ്സുമിൽ ഇറങ്ങാൻ മനുഷ്യന് ആറ് യൂറോയാണ് ടിക്കറ്റ് ചാർജ്, സൈക്കിളിന് രണ്ടര യൂറോയും. അല്ലെങ്കിൽ ആറ് യൂറോ കൊടുത്ത് ഒരു ദിവസത്തെ സൈക്കിൾ പാസ് വാങ്ങിക്കണം. അങ്ങിനെയാണെങ്കിൽ നെതർലാന്റ്സിൽ എവിടേക്ക് വേണമെങ്കിലും സൈക്കിൾ കൊണ്ടുപോകാം'. ടിന പറഞ്ഞു. റെയിൽവേ ഡിസ്പ്ളേ ബോർഡ് നോക്കിയപ്പോൾ ആംഫുർട്ട് ട്രെയിൻ പ്ളാറ്റ്ഫോം എട്ടിൽ കിടക്കുന്നുണ്ട്. തീരെ തിരക്കില്ല. ട്രെയിനിൽ ആകെ നാലോ അഞ്ചോ ആളുകൾ മാത്രം. ആദ്യം കണ്ട കംപാർട്ട്മെന്റിൽ കയറാൻ നോക്കിയപ്പോൾ ടിന തടഞ്ഞു. സൈക്കിളിന്റെ പടം വരച്ച് വെച്ചിട്ടുള്ള തൊട്ടടുത്ത കംപാർട്ട് മെന്റ് ചൂണ്ടിക്കാട്ടി പറഞ്ഞു. 'സൈക്കിളും കൂടിയുള്ളവർ ഇത്തരം കംപാർട്ട് മെന്റിൽ വേണം കയറാൻ. സൈക്കിൾ വീഴാതെ വെയ്ക്കാനുള്ള സൗകര്യം ഇത്തരം കംപാർട്ട്മെന്റുകളിൽ ഉണ്ടാകും. എല്ലാ ട്രെയിനിലും ഇത്തരം മൂന്നോ നാലോ കംപാർട്ടുമെന്റുകൾ ഉണ്ടാകും'.

അപ്പോൾ പകുതിയോളം കംപാർട്ടുമെന്റുകളിൽ സൈക്കിൾ കയറ്റാം, ഞാൻ കണക്കുകൂട്ടി. കാരണം ഏഴോ, എട്ടോ കംപാർട്ടുമെന്റുകളേ നെതർലാന്റിലെ ട്രെയിനുകൾക്കുള്ളൂ. കംപാർട്ടുമെന്റുകളെല്ലാം ഡബിൾ ഡക്കർ ആണ്. താഴെയാണ് സൈക്കിൾ യാത്രക്കാർ കയറേണ്ടത്. ഏതാണ്ട് കേരളത്തിന്റെ അത്രയേ വലിപ്പമുള്ളൂ നെതർലാന്റ് എന്ന രാജ്യത്തിന്. പക്ഷെ ജനസംഖ്യ കേരളത്തിന്റെ പകുതിയോളമേ ഉള്ളൂ. ഒരു കോടി അറുപത് ലക്ഷം മാത്രം. സർക്കാരിന്റെ കണക്കുപ്രകാരം ഈ ഒരു കോടി അറുപത് ലക്ഷം ജനങ്ങൾക്ക് ഒരു കോടി മുപ്പത് ലക്ഷം സൈക്കിളുകൾ ഉണ്ട്. എവിടെ പോകുമ്പോഴും ഹോളണ്ടുകാർ സൈക്കിളും കൊണ്ടുപോകും. സൈക്കിൾ ട്രെയിനിൽ കയറ്റാൻ സമ്മതിച്ചില്ലെങ്കിൽ ഹോളണ്ടുകാർ ട്രെയിനുപേക്ഷിച്ച് സൈക്കിളും ചവുട്ടിപോകുമെന്ന് അവിടുത്തെ റയിൽവേ അധികൃതർക്ക് അറിയുമായിരിക്കാം. രാവിലെ ഓഫീസ് സമയത്തിന് മുൻപും വൈകീട്ട് ഓഫീസ് സമയത്തിന് ശേഷവും മാത്രമേ ട്രെയിനിൽ അൽപ്പമെങ്കിലും തിരക്ക് ഉണ്ടാകൂ. അല്ലാത്ത സമയത്തൊക്കെ ഒരു ട്രെയിനിൽ നൂറിൽപ്പരം യാത്രക്കാർ മാത്രമേ ഉണ്ടാകൂ. യാത്രക്കാരുടെ എണ്ണം കുറവായതുകൊണ്ടാകും ട്രെയിനുകളിൾ കംപാർട്ടുമെന്റുകൾ കുറവ്. എല്ലാം കുട്ടി ട്രെയിനുകൾ ആണ് നെതർലാന്റിൽ. ഇവിടുത്തെ റെയിൽവേ വകുപ്പിന്റെ കാര്യക്ഷമത അപാരമാണ്. ട്രെയിനുകൾ എല്ലാം കൃത്യസമയം പാലിക്കും. ഏറിയാൽ വൈകുക 30 സെക്കന്റ് മാത്രം. ഒരു മിനിട്ടുവരെ വൈകാം എന്നാണ്

നെതർലാന്റ് റയിൽവേ യുടെ നിലപാട്. പക്ഷെ മൂന്ന് മിനിട്ടിൽ കൂടുതൽ വൈകിയാൽ യാത്രക്കാ രന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വളരെ അപൂർവ്വമായി മാത്രമേ ഇത്തരത്തിൽ നഷ്ടപരിഹാരം നൽകേണ്ടി വന്നിട്ടുള്ളൂ എന്നറിയുമ്പോൾ നെതർലാന്റ് റെയിൽവേ യുടെ കാര്യക്ഷമത ഊഹി ക്കാവുന്നതേയുള്ളു. ഇത്തരം കാര്യങ്ങളൊക്കെ എല്ലാ റെയിൽവേ സ്റ്റേഷനിലും എഴു തിവെച്ചിട്ടുണ്ട്.

ട്രെയിനിനകത്തെ സ്റ്റാൻഡിൽ സൈക്കിൾ ഉറപ്പിച്ച് ടിന എനിക്ക് എതിരെയുള്ള സീറ്റിൽ വന്നിരുന്നു. ഞാൻ പ്രതീഷിച്ചപ്പോലെ പാലത്തിന ടിയിലെ സൈക്കിൾ കച്ചവടക്കാരി ലേക്ക് അവൾ വന്നു. നിനക്ക് ഒരു സൈക്കിൾ വേണമെങ്കിൽ അത് വാടകക്ക് എടുത്തുകൂടെ? ഒരു ദിവ സത്തേക്ക് ആറ് യൂറോയാണ് സാധാ രണ സൈക്കിളിന്റെ വാടക, ഒരു ആഴ്ചത്തേക്ക് 35 യൂറോയും. ഇവിടെ വന്ന ദിവസം തന്നെ ആംസ്റ്റർഡാം റെയിൽവേ സ്റ്റേഷനിൽ നിന്ന് ആഴ്ച യടിസ്ഥാനത്തിൽ ഞാൻ വാടകക്ക് എടുത്തതാണ് ഈ സൈക്കിൾ. ഇതു പോലെ വാടകക്ക് എടുക്ക ണം,അല്ലാതെ മോഷ്ടാക്കളുടെ കയ്യിൽ നിന്ന് മോഷണ മുതൽ വാങ്ങുകയല്ല വേണ്ടത്. പോലിസ് നിന്നെ പിടിച്ച് അകത്ത് ഇടും അത് വാങ്ങിച്ചാൽ -ടിന ഒരൊറ്റ ശ്വാസ ത്തിൽ പറഞ്ഞു.

അത് കേട്ട് ഞാനാകെ സ്തംഭിച്ചു പോയി. അവർ മോഷ്ടാക്കളാണെന്നും മോഷ്ടിച്ച സൈക്കിളുകളാണ് അവർ വിൽക്കുന്നതെന്നും എനിക്ക് അറിയി ല്ലായിരുന്നു. സമൃദ്ധിയുടെ പര്യായ മായ ഹോളണ്ടിൽ നിസ്സാരമായ സൈക്കിൾ മോഷ്ടിക്കുന്നവരോ?

ബൈസിക്കിൾ തീവ്സ് (1948-സംവി ധാനം-വിറ്റോറിയോ ഡിസീക്ക ) എന്ന പ്രശസ്തമായ ഇറ്റാലിയൻ സിനിമ ഞാനും കണ്ടിട്ടുണ്ടെങ്കിലും യുറോ പ്പിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപ കുതിയിൽ നടന്ന വ്യവസായ വിപ്ളവ



**എല്ലാ റെയിൽവേ സ്റ്റേഷനിലും നമ്മുക്ക് സൈക്കിൾ വാടകക്ക് കിട്ടും. റെയിൽവേക്ക് പുറമേ 220 കമ്പനികൾ കൂടി ഹോളണ്ടിൽ സൈക്കിളുകൾ വാടകക്ക് നൽകുന്നുണ്ട്. ആംസ്റ്റർഡാമിൽ നിന്ന് വാടകക്ക് എടുക്കുന്ന സൈക്കിൾ ഹോളണ്ടിലെ മറ്റേത് നഗരത്തിലും നിങ്ങൾക്ക് തിരിച്ചേൽപ്പിക്കാം, നിങ്ങളുടെ സെക്യൂരിറ്റി ഡെപ്പോ സിറ്റ് അവിടെ നിന്ന് തിരികെ ലഭിക്കും. സാധാരണ 100 യൂറോ യാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ്**

ത്തിന്റെ കാലഘട്ടത്തിൽ ഇറങ്ങിയ ആ സിനിമയിലെ അവസ്ഥ ഇപ്പോഴും വടക്കൻ യൂറോപ്പിലെ പ്രമുഖ നഗര ങ്ങളിലൊന്നായ ആംസ്റ്റർഡാമിൽ ഉണ്ടാകുമെന്ന് കരുതാൻ വയ്യല്ലോ! നമ്മുടെ നാട്ടിലാണങ്കിൽ സൈക്കിൾ മോഷ്ടിക്കുന്ന കള്ളൻമാരുടെ പരമ്പര എന്നേ കുറ്റിയറ്റുപോയി !

ഞാൻ ഇതെല്ലാം ടിനയോട് പറ ഞ്ഞു. അതോടെ അവൾക്ക് അൽപ്പം ദേഷ്യവും വന്നു. 'ബുദ്ധിയില്ലേ നിന ക്ക് ? ഒരു പുതിയ സൈക്കിളിന് ചുരു ങ്ങിയത് 700 യൂറോയെങ്കിലും ആകും വില. അപ്പോൾ 20 യൂറോക്ക് സൈക്കിൾ വിൽക്കുന്നു എന്ന് കേൾക്കുമ്പോൾ തന്നെ മനസ്സിലാ കില്ലേ അത് ശരിയായ ഏർപ്പാടാവില്ല എന്ന് ' - അവൾ ശകാരം തുടർന്നു.

കുറച്ച് നേരത്തെ ശകാരത്തിന് ശേഷം അവൾ ശാന്തയായി. പിന്നെ പതുക്കെ സംസാ രിച്ചു തുടങ്ങി. 'നിനക്ക് അറിയാമോ? ലോക ത്തിന്റെ സൈക്കിൾ തല സ്ഥാനം എന്നാണ് ആംസ്റ്റർഡാം അറിയപ്പെടു ന്നത്. ഇവിടെ മനുഷ്യരേ ക്കാൾ കൂടുതലുള്ളത് സൈക്കിളുകളാണ്. കണ ക്കുകൾ പ്രകാരം 25 ലക്ഷം ജനങ്ങളാണ് ആംസ്റ്റർഡാമിൽ ഉള്ളത്, പക്ഷെ സൈക്കിളുകളുടെ എണ്ണം 28 ലക്ഷത്തിൽ കൂടുതലാണ്. ഒരു വർഷം അമ്പതിനായിരത്തിനും അറുപതിനായിരത്തിനും ഇടയിൽ സൈക്കിളുകൾ ആംസ്റ്റർഡാം നഗര ത്തിൽ തന്നെ മോഷണം പോകുന്നു. ആ നിലക്ക് ലോകത്തിലെ സൈക്കിൾ മോഷ്ടാക്കളുടെ തല സ്ഥാനം കൂടിയാണ് ആംസ്റ്റർഡാം. ആംസ്റ്റർ ഡാം കഴിഞ്ഞാൽ ഹോള ണ്ടിൽ ഏറ്റവും അധികം സൈക്കിളു കൾ മോഷണം പോകുന്നത് യൂട്രെക് സിറ്റിയിലാണ് '. ടിന തുടർന്നു. മുത്ത ശ്ശിക്കഥ കേൾക്കുന്ന കുട്ടി ഔൽസുക്യത്തോടെ ഞാൻ ചെവി കൂർപ്പിച്ചു. 'സൈക്കിളുകൾ വാടകക്ക് കൊടുക്കുന്നത് നെതർലാന്റ്സിൽ വലിയ ബിസിനസ്സ് ആണ്. എല്ലാ റെയിൽവേ സ്റ്റേഷനിലും നമ്മുക്ക് സൈക്കിൾ വാടകക്ക് കിട്ടും. ആംസ്റ്റർ ഡാം സെന്റ്രൽ സ്റ്റേഷനിൽ മാത്രം വാടകക്ക് കൊടുക്കാനായി എണ്ണാ യിരം സൈക്കിളുകൾ ഉണ്ട്. പല വലി പ്പത്തിലും തരത്തിലും ഉള്ളവ ' , ടിന തുടർന്നു. 'റെയിൽവേക്ക് പുറമേ 220 കമ്പനികൾ കൂടി ഹോളണ്ടിൽ സൈക്കിളുകൾ വാടകക്ക് നൽകുന്നു ണ്ട്. ആംസ്റ്റർഡാമിൽ നിന്ന് വാടകക്ക് എടുക്കുന്ന സൈക്കിൾ ഹോളണ്ടിലെ മറ്റേത് നഗരത്തിലും നിങ്ങൾക്ക് തിരി ച്ചേൽപ്പിക്കാം, നിങ്ങളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് അവിടെ നിന്ന് തിരികെ ലഭിക്കും. സാധാരണ 100 യൂറോയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് '. ടിന പറഞ്ഞു നിറുത്തി.

കനാൽപ്പാലത്തിൽ നിന്ന് ഞാൻ

ബോട്ടുകളുടെ പടമെടുക്കുമ്പോൾ മുതൽ ടിന എന്റെ പുറകെയുണ്ടായിരുന്നുവത്രേ. ഒരു സുഹൃത്തിനെ കാണാനായി യൂണിവേഴ്സിറ്റി സർക്കിളിൽ വന്നതാണ്. ആംസ്റ്റർഡാം നഗരത്തിന്റെ ഇരുണ്ട ഇടനാഴിയിലൂടെ ഞാൻ എന്തിനാണ് പോകുന്നത് എന്നറിയാനായി ഒരു കൗതുകത്തിന് പുറകെ വന്നതാണ്. മോഷണ മുതലാണ് എന്നറിയാതെ ഞാൻ സൈക്കിൾ വാങ്ങിക്കും എന്ന് തോന്നിയപ്പോഴാണ് കള്ളന്മാരുടെ മുൻപിൽ നാടകം കളിച്ച് എന്നെ രക്ഷിച്ചത്.

'അത് എന്തായാലും നന്നായി, എന്നാലും അവർ കള്ളന്മാരാണന്ന് എനിക്ക് വിശ്വസിക്കാനാവുന്നില്ല'. ഞാൻ പറഞ്ഞു.

'കള്ളന്മാരിൽ വലിയ പങ്കും അന്യ നാട്ടുകാരാണ്. യൂറോപ്യൻ യൂണിയൻ രൂപീകൃതമായതോടെ അതിൽ അംഗങ്ങളായ രാജ്യങ്ങളിലെ പൗരന്മാർക്ക് ഏത് അംഗരാജ്യത്തേക്ക് വേണമെങ്കിലും വിസയോ പാസ്പോർട്ടോ കൂടാതെ പോകാം, താമസിക്കാം. അതോടെയാണ് സൈക്കിൾ മോഷണത്തിന്റെ തോത് ഇത്രയധികം വർദ്ധിച്ചത് എന്ന് തോന്നുന്നു. കലാകാരന്മാരുടെയും എഴുത്തുകാരുടെയും നഗരമല്ലേ ആംസ്റ്റർഡാം. ഏതെങ്കിലും വിധത്തിൽ കലാരംഗത്ത് രക്ഷപ്പെടാൻ നാടും വീടും ഉപേക്ഷിച്ച് ആംസ്റ്റർഡാമിലേക്ക് ചേക്കേറിയവരാണ് സൈക്കിൾ കള്ളന്മാരിൽ ഭൂരിഭാഗവും. കലാരംഗത്ത് രക്ഷപ്പെടില്ലന്ന് ഉറപ്പാകുന്നതോടെ പട്ടിണി മാറ്റാനായി സൈക്കിൾ മോഷണം തുടങ്ങുന്നു. പിന്നെ പിന്നെ സൈക്കിൾ മോഷണം ഒരു കലയാക്കി മാറ്റി, അതിൽ കഴിവു തെളിയിക്കുന്നു'. ഉറക്കെ ചിരിച്ചുകൊണ്ട് ടിന പറഞ്ഞു.

'അപ്പോൾ സൈക്കിൾ കള്ളന്മാരിൽ നിന്റെ നാട്ടുകാരും ഉണ്ടാകുമല്ലേ? നിന്റെ രാജ്യമായ ജോർജിയും യൂറോപ്യൻ യൂണിയനിൽ അംഗമാണല്ലോ? ' എന്റെ നാവിലിരുന്നു ഗുളികൻ ചിലച്ചു. ആ ചോദ്യം ഒട്ടും ഇഷ്ട പെടാതിരുന്ന ടിന മറുപടി പറയാതെ ട്രെയിനിന്റെ ചില്ലു ജനാലയിലൂടെ മൂടൽ മഞ്ഞിലേക്ക് നോക്കിയിരുന്നു.

(തുടരും)

# കാതിക്കുടം: മലിനീകരണം രൂക്ഷമാകുന്നു

**ആക്ഷൻകൗൺസിൽ**

**നിറ്റാജലാറ്റിൻ** ഇന്ത്യ കമ്പനിയുടെ കാലാവധി മാർച്ച് 31 അവസാനിച്ചിരിക്കുകയാണ്. കമ്പനിക്ക് ലൈസൻസ് പുതിക്കി നൽകേണ്ടെന്ന് പഞ്ചായത്ത് ഭരണസമിതി 2011 മാർച്ച് 4ന് തീരുമാനിച്ചിരുന്നു. പഞ്ചായത്തിന്റെ തീരുമാനത്തിനെതിരെ കമ്പനി കോടതിയിൽ പോവുകയും കേസ് കോടതിയുടെ പരിഗണനയിലുമാണ്. വ്യവസായ വകുപ്പ് മന്ത്രി എളമരം കരീമിന്റെ മുൻകൈയിൽ 2011 ജനുവരി 18ന് കളക്ടറുടെ ചേംബറിൽ നടന്ന ചർച്ചയെതുടർന്ന് രൂപീകരിച്ച പഠനസമിതി കാതിക്കുടം പ്രശ്നങ്ങൾ പഠിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് നൽകണമെന്നാണ് പറഞ്ഞിരുന്നു. ഏപ്രിൽ 18ന് മൂന്ന്മാസം പൂർത്തിയായിട്ടും റിപ്പോർട്ട് സമർപ്പിക്കാൻ പഠനസമിതിക്ക് കഴിഞ്ഞിട്ടില്ല. ആദ്യം സമരപ്രവർത്തകരുമായി ചർച്ച നടത്താൻ തയ്യാറാകാതിരുന്ന പഠനസമിതി മാർച്ച് 26ന് തൃശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ വച്ച് സമരപ്രവർത്തകരുമായി ചർച്ച നടത്തി. എൻ.ജി.ഐ.എൽ കമ്പനിയുടെ വായു-ജല മലിനീകരണത്തിനെതിരെ ജനകീയ പ്രക്ഷോഭം ശക്തമാകുന്ന സാഹചര്യത്തിൽ പൊതുതെളിവെടുപ്പ് നടത്താൻ സമരപ്രവർത്തകർ ആവശ്യപ്പെട്ടെങ്കിലും അത് പരിഗണിക്കാൻ സമിതി തയ്യാറായില്ല.

അതേസമയം കാതിക്കുടത്ത് കമ്പനിയുണ്ടാക്കുന്ന മലിനീകരണവും ദുർഗന്ധവും അനുദിനം വഷളായിക്കൊണ്ടിരിക്കുന്നതിനാൽ മാർച്ച് 31 തുടർ പരിപാടികൾ അലോചിക്കാൻ ആക്ഷൻകൗൺസിൽ ജനറൽ കൺവീനർ സിന്ധുവിന്റെ വീട്ടിൽ പ്രവർത്തകർ യോഗം ചേർന്നു. ദുർഗന്ധം ഈ രീതിയിൽ തുടരുകയാണെങ്കിൽ ഉപരോധമുൾപ്പെടെയുള്ള ശക്തമായ സമരപരിപാടികളുമായി മുന്നോട്ട് പോകാൻ ഞങ്ങൾ അന്ന് തീരുമാനിച്ചു. ദുർഗന്ധം സഹിക്കാൻ കഴിയാത്ത അവസ്ഥ വന്നതോടെ അന്നേദിവസം രാത്രി എട്ട് മണിക്ക് കാതിക്കുടം നിവാസികൾ കൂട്ടത്തോടെ കമ്പനിപ്പടിക്കൽ എത്തി ഉപരോധം ആരംഭിച്ചു. കമ്പനിയുടെ നടപടിയിൽ പ്രതിഷേധിച്ച് അന്ന് രാത്രി മുഴുവൻ സ്ത്രീകളും കുട്ടികളും അടങ്ങുന്ന വലിയ ജനക്കൂട്ടം കമ്പനിപ്പടിക്കൽ കുത്തിയിരുന്നു. പോലീസ് എത്തിയെങ്കിലും അറസ്റ്റ് ചെയ്യാനുള്ള നീക്കമൊന്നും ഉണ്ടായില്ല. അന്ന് രാത്രി 12 മണിയുന്നതോടെ കമ്പനിയുടെ ലൈസൻസ് കാലാവധി നിയമപരമായി അവസാനിക്കുകയും ചെയ്തു. അതുപരിഗണിച്ച് കമ്പനിപൂട്ടിക്കാൻ അടുത്തദിവസം പഞ്ചായത്തിന് കഴിയുമായിരുന്നെങ്കിലും സ്ഥലത്തെത്തിയ പഞ്ചായത്ത് സെക്രട്ടറി നടപടിക്ക് മുതിർന്നില്ല. ഏപ്രിൽ ഒന്നിന് ഉച്ചയ്ക്ക് 12 മണിയോടെ ഉപരോധം അവസാനിച്ചു.

കാതിക്കുടത്തെ ഒരു വ്യക്തി നൽകിയ കേസിൽ, കമ്പനിയുടെ പരിസരത്ത് പ്രദേശത്ത് മലിനീകരണം നടക്കുന്നുണ്ടോ എന്ന് ഏപ്രിൽ 2 മുതൽ 6 വരെയുള്ള ദിവസങ്ങളിൽ പരിശോധിച്ച് റിപ്പോർട്ട് തരണമെന്ന് കോടതി മലിനീകരണ നിയന്ത്രണ ബോർഡിനോട് ആവശ്യപ്പെട്ടിരുന്നു. ഏപ്രിൽ 7ന് ആയിരുന്നു കമ്പനിയുടെ ലൈസൻസ് സംബന്ധിച്ച കേസ് കോടതി വീണ്ടും പരിഗണിക്കാനിരുന്നത്. എന്നാൽ അതിന് മുൻപ് പരിശോധന നടത്താനുള്ള നീക്കങ്ങളൊന്നും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഭാഗത്ത് നിന്നും ഉണ്ടാകാത്തതിനെ തുടർന്ന് ഏപ്രിൽ 4ന് ആക്ഷൻകൗൺസിൽ പ്രവർത്തകർ തൃശൂരിലെ മലിനീകരണ നിയന്ത്രണ ബോർഡ് ഓഫീസിലേക്ക് മാർച്ച് നടത്തി. അന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരെ കണ്ട് ഞങ്ങൾ കാര്യങ്ങൾ വിശദീകരിച്ചപ്പോൾ കോടതി ഉത്തരവ് കിട്ടിയിട്ടില്ല എന്ന ന്യായമാണ് അവർ പറഞ്ഞത്. തുടർന്ന് ഏപ്രിൽ 6ന് എറണാകുളത്തെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസിലുള്ള സീനിയർ എൻജിനീയർ ഫറൂഖ് സേട്ടിന്റെ നേതൃത്വത്തിൽ ഒരു ഉദ്യോഗസ്ഥസംഘം കാതിക്കുടത്തെത്തി പരിശോധന നടത്തി. സമീപപ്രദേശങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോയി ദുർഗന്ധത്തിന്റെ വ്യാപ്തി ഞങ്ങൾ അവർക്ക് ബോധ്യമാക്കിക്കൊടുത്തു. വസ്തുതകളെല്ലാം പരിശോധിച്ചശേഷം ഏപ്രിൽ 7ന് ഇവർ കോടതിയിൽ റിപ്പോർട്ട് കൊടുത്തു. കമ്പനിക്കെതിരായി മലിനീകരണ നിയന്ത്രണ ബോർഡ് കൊടുത്ത ആദ്യറിപ്പോർട്ടാണ് ഇത്. ഏപ്രിൽ 26നാണ് കേസ് ഇനി കോടതി പരിഗണിക്കുന്നത്. ബന്ധങ്ങൾക്ക്: 9745143069